# കേര കർഷകരുടെ പ്രതിസന്ധിക്ക് നീര പരിഹാരമാകും: മുഖ്യമന്ത്രി

കൊച്ചി: സംസ്ഥാനത്തെ കേരകർഷകർ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരമാകാൻ നീരയുടെ ഉൽപാദനം വഴിയൊരുക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. നീര ഉത്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള ലൈസൻസ് ഫെഡറേഷനുകൾക്ക് കൈമാറുന്ന ചടങ്ങ് എറണാകുളം ഫൈൻ ആർട്സ് ഹാളിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ നീര സംസ്കരണ പ്ലാന്റിനുള്ള സബ്സിഡി വിതരണവും മുഖ്യമന്ത്രി നിർവഹിച്ചു.

മന്ത്രി കെ.ബാബു അധ്യക്ഷത വഹിച്ചു. നീരയിൽ നിന്നുള്ള മൂല്യവർധിത ഉല്പന്നങ്ങളുടെ വിതരണം കെ. വി. തോമസ് എംപി നിർവഹിച്ചു. നാളികേര വികസന ബോർഡ് ചെയർമാൻ ടി. കെ ജോസ് ആമുഖ പ്രഭാഷണം നടത്തി. എംഎൽഎമാരായ ഹൈബി ഈഡൻ, ഡൊമിനിക് പ്രസന്റേഷൻ, ബെന്നി ബെഹനാൻ, ലൂഡി ലൂയിസ്, കൊച്ചി മേയർ ടോണി ചമ്മണി, ഹോർട്ടി കോർപ് ചെയർമാൻ ലാൽ വർഗീസ് കൽപകവാടി, ജോയിന്റ് എക്സൈസ് കമ്മീഷണർ ഡി.സന്തോഷ്, നീര കർഷകരുടെ പ്രതിനിധി ബാബു ജോസഫ്, എസ്സിഎംഎസ് ബയോ സയൻസ് ഗവേഷണ വിഭാഗം ഡയറക്ടർ സി. മോഹൻകുമാർ തുടങ്ങിയവർ സംബന്ധിച്ചു.